LIBRARY ARCHIVES Kerala Legislative Assembly

ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നാളികേരത്തിന്റെ വില ഇടിയുന്നുവെന്ന് നാളികേര കർഷകരുടെയിടയിൽനിന്ന് പരാതി ഉയരുന്നതിനാലും ഇക്കണോമിക് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ വിലനിലവാരത്തിന്റെ അടിസ്ഥാനത്തിലും തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പച്ചത്തേങ്ങയുടെ വില 31 രൂപയായി കാണുന്ന സാഹചര്യത്തിലും പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി പച്ചത്തേങ്ങയുടെ താങ്ങുവിലയേക്കാൾ കുറവുള്ള തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. തിരുവനന്തപുരത്തെ ആനയറയിലുള്ള കേരഫെഡിന്റെ റീജിയണൽ ഓഫീസിലും തൃശ്ശൂർ പൂച്ചിനിപ്പാടത്തുള്ള കേരഫെഡ് ഓഫീസിലും പൊന്നാനിയിലെ വെളിയങ്കോടുള്ള പെരുമ്പടപ്പ് ബ്ലോക്ക് കോക്കനട്ട് ആൻഡ് പ്രോസസ്സിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയിലും കേരഫെഡ് സംഭരണം ആരംഭിക്കുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഓരോ ജില്ലയിലും ഒരു കേന്ദ്രത്തിൽമാത്രം സംഭരിച്ചാൽ കർഷകർക്ക് എങ്ങനെയാണ് ഉല്പന്നങ്ങൾ എത്തിക്കാൻ കഴിയുന്നത്; അതുകൊണ്ട് നേരത്തെയുണ്ടായിരുന്നതുപോലെ പഞ്ചായത്തുകൾതോറും കൃഷിഭവനിലൂടെ സംഭരിച്ചതുപോലെയുള്ള സംവിധാനമാണ് പുനരാരംഭിക്കേണ്ടത്.

ശ്രീ. പി. പ്രസാദ്: സർ, ആ പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധിച്ചതിനുശേഷം സംഭരണത്തിന് കൂടുതൽ കേന്ദ്രങ്ങൾ ആവശ്യമായി വന്നാൽ അതനുസരിച്ച് ഏർപ്പെടുത്തുന്നതാണ്.

V സബ്മിഷൻ

(1) സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം

ഡോ. എം. കെ. മുനീർ: സർ, 7-4-2021-ൽ കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് ചൊക്ലി സ്റ്റേഷൻ പരിധിയിൽ പുല്ലൂർകരയിൽ 23 വയസ്സുകാരനായ മൻസൂർ എന്ന യുവാവ് അതിദാരുണമായി കൊല്ലപ്പെട്ടു. ഇതുസംബന്ധിച്ച് ചൊക്ലി സ്റ്റേഷൻ പരിധിയിൽ ക്രൈം നമ്പർ 118/2001 ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതും അതുപോലെ ക്രൈം നമ്പർ 106/സി.ബി.-കണ്ണൂർ ആൻഡ് കാസർഗോഡ് എന്ന പേരിൽ ക്രൈം ബ്രാഞ്ച് കണ്ണൂരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കേസ് ഇപ്പോൾ തലശ്ശേരി ജൂഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പെൻഡിംഗിലാണ്. ഇതിൽ പ്രതിയായ ജാഫിർ പി. പി. എന്നയാളെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അയാളുടെ ഫോൺ എല്ലാ ദിവസവും ഓണാണ്, മൊബൈൽ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്. എന്നിട്ടും പോലീസിന് പ്രതിയെ കണ്ടെത്തി അറസ്റ്റ് ചെയ്യാൻ കഴിയുന്നില്ല. അദ്ദേഹത്തെക്കുറിച്ച് പോലീസ് കോടതിയിൽ പറഞ്ഞത്

'അബ്സ്കോണ്ടിംഗ് ' എന്നാണ്. എന്നാൽ അതേ വ്യക്തി പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ നിരന്തരം കത്തയയ്ക്കുന്നു, നാട്ടിൽത്തന്നെയുണ്ടെന്ന് കത്തിൽ പറയുന്നു. ഈ പ്രതിയെ എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യാത്തതെന്ന ഒരു സംശയം നിലനിൽക്കുന്നു. അങ്ങ് മുൻകയ്യെടുത്ത് അറസ്റ്റ് ഉറപ്പുവരുത്തണം. രണ്ടാമത്തേത്, തലശ്ശേരി സെഷൻസ് കോടതിയിൽ പ്രതിയുടെ ജാമ്യഹർജി പരിഗണിക്കുമ്പോൾ, പബ്ലിക് പ്രോസിക്യൂട്ടർ പ്രതികളോട് ആ കുടുംബത്തിന് നീതി ലഭിക്കുമെന്ന് പറഞ്ഞു. എന്നാൽ ഇദ്ദേഹമാണ് പബ്ലിക് പ്രോസിക്യൂട്ടറെങ്കിൽ നീതി ലഭിക്കില്ലെന്ന് ആ കുടുംബം കരുതുന്നു. സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് മൻസൂറിന്റെ മാതാവായ ശ്രീമതി ഷക്കീന ഇവിടെ വന്നിരുന്നു. അവർ ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് നിവേദനം നൽകിയിട്ടുണ്ട്. അഡ്വ. സി. കെ. ശ്രീധരൻ, ഹോസ്ദുർഗ്, കാസർഗോഡ് എന്നയാളെ സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറായി നിയമിക്കണമെന്ന ആ മാതാവിന്റെ ആവശ്യം അംഗീകരിക്കണം. ഈ രണ്ട് ആവശ്യങ്ങൾ അങ്ങയുടെ മുന്നിൽ സമർപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കണ്ണൂർ മങ്ങാരത്തുപീടികയിൽ 6-4-2021-ൽ നടന്ന സംഘർഷത്തെത്തുടർന്ന് മൻസൂർ മരണപ്പെട്ട സംഭവത്തിൽ ചൊക്ലി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 118/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. 12 പ്രതികളുൾപ്പെട്ട ഈ കേസിലെ 10 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതും അവർ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരികയുമാണ്. രണ്ടാം പ്രതിയെ 8-4-2021-ന് കോഴിക്കോട് കിഴക്കേചാൽ എന്ന സ്ഥലത്ത് കെട്ടിത്തൂങ്ങി മരണപ്പെട്ട നിലയിൽ കാണുകയുണ്ടായി. ഈ വിഷയത്തിൽ വളയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 65/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 118/2021-ാം നമ്പർ കേസിലെ ഏഴാം പ്രതിയെ പിടികൂടുന്നതിനുള്ള ഊർജ്ജിതശ്രമം നടന്നുവരികയാണ്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികളെ പിടികൂടാനുള്ള ശ്രമം ശക്തിപ്പെടുത്തുന്നതാണ്. കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കേണ്ടതുണ്ടോയെന്ന കാര്യം നിലവിൽ പരിശോധിച്ചിട്ടില്ല. അക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly